# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 27/01/ 2020

## .........മാലാഖ........

കൊല്ലം : മാനവരാശി ഇന്ന് നേരിടുന്ന ഏറ്റവും വലിയ കുറ്റകൃത്യം ലൈംഗീകാതിക്രമം ആയിരിക്കുകയാണ്. ആയതിന്റെ ഇരകൾ പലപ്പോഴും പ്രതികരിക്കാൻ പോലും ആകാത്ത പെൺകുട്ടികളാണ്. കുട്ടികൾക്ക് എതിരെയുള്ള ലൈംഗിക അതിക്രമത്തിന് അറുതി വരുത്തുവാൻ വേണ്ടി കേരള പോലീസ് മൂന്ന് മാസം നീണ്ടുനിൽക്കുന്ന എയ്ഞ്ചൽ/മാലാഖ



എന്ന ബോധവത്കരണ പദ്ധതിക്ക് തുടക്കമിട്ടിരിക്കുകയാണ്. സമൂഹത്തിലെ ഒന്നടങ്കമുള്ളവരെ പദ്ധതിയിലൂടെ ബോധവൽക്കരിക്കുകയെന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ കൊല്ലം സിറ്റിതല ഉദ്ഘാടനം 27.01.2020 വൈകുന്നേരം 6 മണിക്ക് കൊല്ലം ബീച്ചിൽ ബഹുമാനപ്പെട്ട കൊല്ലം കോർപ്പറേഷൻ മേയർ ശ്രീമതി ഹണി ബഞ്ചമിൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ.നാരായണൻ.റ്റി ഐ.പി.എസിന് നൽകി നിർവഹിച്ചു. തുടർന്ന് സിറ്റി പോലീസ് കമ്മീഷണർ വെളിച്ചം കുട്ടികൾക്ക് പകർന്ന് നൽകി. സ്ത്രീകളുടെയും പെൺകുട്ടികളുടെയും കൂട്ടായ്മകളുടെ നേതൃത്വത്തിൽ മെഴുകുതിരി തെളിയിച്ച് ഈ പരിപാടിക്ക് ഐക്യദാർഢ്യം



പ്രഖ്യാപിച്ചു. കൊല്ലം അസി. കമ്മീഷണർ പ്രദീപ്കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പദ്ധതിയുടെ ജില്ലാതല നോഡൽ ഓഫീസറും ജില്ലാ ക്രൈം ബ്രാഞ്ച് അസി. കമ്മീഷണറുമായ ശ്രീ അനിൽകുമാർ.എം, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ ശ്രീ നസ്സീർ, ജില്ലാ ക്രൈം ബ്രാഞ്ച് സബ്ബ് ഇൻസ്പെക്ടർ ശ്രീ. എച്ച്.ഷാനവാസ് എന്നിവർ സംസാരിച്ചു. ഈ വെളിച്ചം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിയുടേയും മേയറുടേയും നേതൃത്വത്തിൽ കടൽക്കരയിലൂടെ ദീപ പ്രദക്ഷിണം നടത്തി.